# Malayala Manorama

# 18 June 2018

# Thrikakara: Heavy rain, Waterlogged Roads



ത്തിൽ മുങ്ങിയ നിലയിൽ.

കാനയില്ലാത്ത റോഡുകൾ

## പുഴയൊഴുകും പോലെ പൈപ്പ് ലൈൻ റോഡ്

തൃക്കാക്കര • ശക്തമായ മഴയിൽ പൈപ്പ്ലൻ റോഡ് വെള്ളത്തിൽ മുങ്ങി. തോപ്പിൽ ജംക്ഷൻ ഭാഗത്താണു വെള്ളക്കെട്ടു കൂടുതൽ. പാലാരിവട്ടം-ഇടപ്പള്ളി ബൈപാസിൽ വാഹനക്കുരുക്കു കൂടുമ്പോൾ എളുപ്പവഴിയായി ഒട്ടേറെ വാഹനങ്ങൾ പോകുന്ന റോഡാണിത്. ബൈപാസിൽ നിന്നു കുസാറ്റിലേക്കും ഇതുവഴി എളുപ്പത്തിൽ പോകാം. പുഴ പോലെയാണ് ഇപ്പോൾ റോഡ്. വാഹന ഗതാഗതം ദുർഘടമാണ്. ഇരുചക്ര വാഹനങ്ങൾ വെള്ളക്കെട്ടിലെ കുഴിയിൽ അകപ്പെട്ടു മറിയുന്നതു പതിവു സംഭവം. കാൽനട യാത്രയാണ് ഏറെ ദുസ്സഹം. നാട്ടുകാർ മുൻകയ്യെടുത്തു റോഡു വക്കിൽ കോൺക്രീറ്റ് സ്ലാബിട്ടു ചില ഭാഗങ്ങളിൽ ഉയർത്തിയിട്ടുണ്ട്.

വെള്ളക്കെട്ടുള്ള ഭാഗത്തു കാൽനടക്കാർ തപ്പിത്തടഞ്ഞാണു പോകുന്നത്. ചിലപ്പോൾ കാൽനടക്കാരും കുഴിയിൽ അകപ്പെടുന്നു. ശക്തമായ മഴ പെയ്താൽ ദിവസങ്ങൾക്കു ശേഷമാണു വെള്ളം പൂർണമായി ഇറങ്ങിപ്പോകുന്നത്. കാനയില്ലാത്തതാണു റോഡിലെ വെള്ളക്കെട്ടിനു കാരണമെന്നു നാട്ടുകാർ പറയുന്നു. ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതാണ് റോഡ്. ഇതുമൂലം നഗരസഭ കാര്യമായി ശ്രദ്ധിക്കുന്നില്ല. ജല അതോറിറ്റിയും റോഡിന്റെ കാര്യത്തിൽ ഗൗരവം കൊടുക്കുന്നില്ല. വെള്ളക്കെട്ടൊഴിവാക്കാനുള്ള നടപടി അടിയന്തരമായി കൈക്കൊള്ളണമെന്നാണു നാട്ടുകാരുടെ ആവശ്യം.